# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## കോളയാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്എ./കെ.എൻ.ആർ/സി.4/1211/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 09/10/2025
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോളയാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കോളയാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോളയാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ

ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്എ./കെ.എൻ.ആർ/സി.4/1211/2025

തീയ്യതി: 09/10/2025

# കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 03-11-2024 മുതൽ 06-07-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജ്യോതിഷ് കുമാർ.സി.വി | ഡെപ്യൂട്ടി ഡയറക്ടർ | 07-07-2025 | 17-07-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-07-2025 | 17-07-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. റിജി എം. | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി.പ്രീത ചെറുവളത്ത് | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | ത (( |
|---|---|---|---|
| ശ്രീമതി. അനശ്വര എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 3 |
| ഡോ.വിനീത് | വെറ്റിനറി സർജൻ | 01-04-2024 | 3 |
| ശ്രീ .ചന്ദ്രൻ ആയോടൻ | ഹെഡ് മാസ്റ്റർ | 01-04-2024 | 3 |
| ശ്രീ. ടി.കെ.രജീഷ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2024 | ( |

| | | | |
|---|---|---|---|
| ശ്രീമതി.സംഗീത.എ.കെ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 04-11-2024 | 3 |
| ശ്രീ. ബിനുരാജ് പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 3 |
| ശ്രീ. ശ്രീജിത്ത് ഒ. | വി.ഇ.ഒ, കോളയാട് | 01-04-2024 | 2 |
| ശ്രീമതി.ശ്രീജ ബാട്ടി | വി.ഇ.ഒ, കോളയാട് | 28-09-2024 | 3 |
| ശ്രീ.വിപിൻദാസ്.വി | വി.ഇ.ഒ ,വേക്കളം | 01-04-2024 | 3 |
| ശ്രീമതി. സോണി പി.ജെ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 1 |
| ശ്രീമതി.സുഗത.സി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-08-2024 | 3 |
| ശ്രീ. ഇബ്രാഹിം കെ.സി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 0 |
| ശ്രീമതി.ബിന്ദു.എൻ.വി | അസിസ്റ്റന്റ് സെക്രട്ടറി | 02-10-2024 | 0 |
| ശ്രീ.അനീഷ്.എ.സി | അസിസ്റ്റന്റ് സെക്രട്ടറി | 06-10-2024 | 3 |
| ഡോ.സിതാര ധർമ്മരാജ് | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2024 | 3 |
| ശ്രീമതി. ജിസ്ന ജോർജ്ജ് | കൃഷി ഓഫീസർ | 01-04-2024 | 1 |
| ശ്രീ. ഷിനു തോമസ് | കൃഷി ഓഫീസർ | 11-12-2024 | 0 |
| ശ്രീമതി.ഗീതിക.ടി.വി | കൃഷി ഓഫീസർ | 08-01-2025 | 3 |
| ഡോ.ഷഫാഫ് അബ്ദുൾ കരീം | മെഡിക്കൽ ഓഫീസർ,PHC | 01-04-2024 | 0 |
| ഡോ.ജെസ്സി | മെഡിക്കൽ ഓഫീസർ,PHC | 09-08-2024 | 1 |
| ഡോ.സോണിയ | മെഡിക്കൽ ഓഫീസർ,PHC | 14-11-2024 | 0 |

| | | | |
|---|---|---|---|
| ഡോ.ഷഫാഫ് അബ്ദുൾ കരീം | മെഡിക്കൽ ഓഫീസർ,PHC | 07-12-2024 | 0 |
| ഡോ.ജെസ്സി | മെഡിക്കൽ ഓഫീസർ,PHC | 09-01-2025 | 3 |

**ഉള്ളടക്കം**

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ഭൂമിയുടെ യഥാർത്ഥ മൂല്യം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല. | 1-1-3 |
| 5 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-4 |
| 6 | ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. | 1-1-5 |
| 7 | വർഷാന്ത്യ സ്റ്റോക്ക് ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയില്ല. | 1-1-6 |
| 8 | ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ ഭരണസമിതി അംഗങ്ങളുടെ മാർച്ച് 2025 മാസത്തെ സിറ്റിംഗ് ഫീ, ഹോണറേറിയം, താൽക്കാലിക കരാർ ജീവനക്കാരുടെ മാർച്ച് മാസത്തെ ശമ്പളം എന്നിവ ബാധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-7 |
| 9 | ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | പഞ്ചായത്തിന് നിലവിൽ ഇല്ലാത്ത അക്കൗണ്ടിൽ നീക്കിയിരിപ്പ് രേഖപ്പെടുത്തി | 1-1-9 |
| 11 | അഡ്വാൻസ് തുക യഥാസമയം ക്രമീകരിക്കുന്നില്ല | 1-1-10 |

| | | |
|---|---|---|
| 12 | നികുതി - നികുതിയേതര വരവുകളുടെ ഡിമാന്റ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല | 1-1-11 |
| 13 | ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള ബാങ്ക് ബുക്ക് നീക്കിയിരിപ്പും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | ഹഡ്കോ ലോൺ -ലോൺ രജിസ്റ്ററിൽ കാണിച്ച തുകയും വാർഷിക ധനകാര്യ പത്രികയിലെ തുകയും പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തികവിശകലനം | 1-3 |
| 17 | ഫണ്ട് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി | 1-6 |
| 20 | ക്ഷേമപദ്ധതികൾ | 1-7 |
| 21 | ക്യാഷ് പരിശോധന | 1-8 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 23 | ഗ്രാമ സഭ /വർക്കിംഗ് ഗ്രൂപ്പ് | 1-10 |
| 24 | തൊഴിൽനികുതി ഈടാക്കുന്നതിലെ അപാകം | 1-11 |
| 25 | തൊഴിൽനികുതി അടക്കുന്നതിലെ കാലതാമസം - വർദ്ധിപ്പിച്ച നിരക്കിൽ പിഴ ഈടാക്കിയില്ല | 1-12 |
| 26 | FTE&OS ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ | 1-13 |
| 27 | സ്വകാര്യ ആശുപത്രി/സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ -രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-14 |
| 28 | വസ്തു നികുതിയിലെ കുടിശ്ശിക | 1-15 |
| 29 | അങ്കണവാടി പോഷകാഹാരം - അധികം തുക നൽകി - 8,452 രൂപ നിരാകരിക്കുന്നു. | 1-16 |

| | | |
|---|---|---|
| 30 | വനിത ഫിറ്റ്നസ്സ് സെന്റർ പദ്ധതി പൂർത്തീകരിച്ചില്ല - ചെലവ് തുക ₹4,18,985 തടസ്സപ്പെടുത്തുന്നു. | 1-17 |
| 31 | കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് വിഹിതം കൈമാറൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- ചെലവ് തുക ₹49,032 തടസ്സപ്പെടുത്തുന്നു. | 1-18 |
| 32 | എ ബി സി പദ്ധതി- ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല. ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 33 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - അപാകങ്ങൾ- 20,11,991 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 34 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ പദ്ധതി - വാങ്ങിച്ച ഫർണിച്ചറുകൾ മുഴുവനായും വിതരണം ചെയ്തില്ല- ₹45450 തടസപ്പെടുത്തുന്നു. | 1-21 |
| 35 | എസ്.എസ്.എ. വിഹിതം നൽകൽ- ഭീമമായ കുടിശ്ശികയുടെ ആധികാരികത വ്യക്തമല്ല | 1-22 |
| 36 | പട്ടികജാതി വിഭാഗം -വീട് വാസയോഗ്യമാക്കൽ - അപാകങ്ങൾ - ₹225000 യുടെ ചെലവ് തടസ്സപ്പെടുത്തൂന്നു. | 1-23 |
| 37 | പട്ടികജാതി സ്വയം തൊഴിൽ പദ്ധതി - ₹58578 യുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തൂന്നു | 1-24 |
| 38 | ബഡ്സ് സ്കൂളിന് നോട്ട് പാഡ്, പേപ്പർ പെൻ മെഷീൻ വാങ്ങൽ - തുടർ വിവരങ്ങൾ ലഭ്യമാക്കേണ്ടത് | 1-25 |
| 39 | മരുന്ന് മുഴുവൻ ലഭ്യമായില്ല - ₹2,604/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-26 |
| 40 | മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിലെ അപാകങ്ങൾ | 1-27 |
| 41 | പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ പരിപാലനം സംബന്ധിച്ച് | 1-28 |

| | | |
|---|---|---|
| 42 | ഫെസ്റ്റിവെൽ അഡ്വാൻസ് യഥാ സമയം ക്രമീകരിച്ചിട്ടില്ല | 1-29 |
| 43 | ജൽജീവൻ മിഷൻ പദ്ധതി | 1-30 |
| 44 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം-അവലോകനം. | 1-31 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | അങ്കണവാടി പോഷകാഹാരം - അധികം നൽകിയ 8,452 രൂപ നിരാകരിക്കുന്നു. | 3-1 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് സംബിന്ധിച്ച വിവരങ്ങൾ | 4-1 |
| 2 | ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് | 4-5 |
| 6 | വായ്പ / വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT & PAYMENT STATEMENT | |
| 4 | INCOME & EXPENDITURE STATEMENT | |

| | |
|---|---|
| 5 | BALANCE SHEET |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് ര (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേ ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങള പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കോളയാട് ഗ്ര പഞ്ചായത്ത് ഭരണസമിതിയുടെ 11-06-2025 തീയതിയിലെ 258/25നമ്പർ തീരുമാനം പ്രകാരം തയ്യാറാ 12-06-2025 , തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കോളയ ഗ്രാമപഞ്ചായത്തിന്റെ 31.03.2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷ ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റി അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എ ഉത്തരവാദിത്തം.

2) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് ര സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവു പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്ക സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതര വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3)എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തി അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങ നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കോളയാട് ഗ്രാമ പഞ്ചായത്തിന്റെ 2024- സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറി സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറ

കേരള സംസ്ഥാന ഓഡിറ്റ് വക

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണ

കണ്ണൂർ,
09.10.2025.

**1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.**

(1) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരം വാർഷ ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനക പത്രികയുടെ ഭാഗമാക്കിയിട്ടില്ല.ചട്ടം 62 (ഇ) പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിഃ ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പു വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

(2) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനക പത്രികയിലെ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.
(3) തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന B1 ഷെഡ്യൂൾ വാർഷ ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

**1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase /(Decrease) In Cash And C Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹ 11357445 യാണ്. എന്നാൽ ഇതേ പത്രികയിൽ 2024 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആ രേഖപ്പെടുത്തിയിരിക്കുന്നത് ₹12840484യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രക മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുക പൊരുത്തപ്പെടുന്നില്ല.

**1-1-3 ഭൂമിയുടെ യഥാർത്ഥ മൂല്യം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല.**

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ യഥാർത്ഥമൂല്യം വാർഷിക ധനകാര്യപത്രികയ പ്രതിഫലിക്കുന്നില്ല.

**1-1-4 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ല മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.**

അക്രുവൽ ചെയ്യുന്ന വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമ രേഖപ്പെടുത്തുന്നില്ല. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്ക സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തണമെന്ന് കേരള പഞ്ചായ രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 20 25വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി ഇനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നി പ്രധാന വരവിനങ്ങൾക്ക് 12/25, 3/25 മാസങ്ങളിൽ മാത്രമാണ് അക്രൂവൽ എൻട്രികൾ നൽകിയിട്ടുള്ളത്.

## 1-1-5 ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

സർക്കാരിന്റെ 16/07/2011-ലെ ജി.ഒ(എം.എസ്) 152/2011 തസ്വഭവ ഉത്തരവി നിർദ്ദേശങ്ങൾക്കനുസൃതമായി സ്ഥാപനത്തിലെ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജി കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ച ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല.കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ -2 ,ചട്ടം 80 ൽ പരാമർശിച്ചതനുസരിച്ചുള്ളതും B-11 ഷെഡ്യൂളിൽ പരാമർശിച്ചതുമായ ആസ്തികളുടെ മൂ പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിലുള്ള ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-1-6 വർഷാന്ത്യ സ്റ്റോക്ക് ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്ത് സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗ പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. ഇത്തരത്തിൽ സ്റ്റോക്ക് മൂല്യനിർണയം നട വാർഷിക ധനകാര്യ പത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-7 ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ ഭരണസമിതി അംഗങ്ങളുടെ മാർച്ച് 2025 മാസത്തെ സിറ്റിംഗ് ഫീ, ഹോണറേറിയം, താൽക്കാലിക കരാർ ജീവനക്കാരുടെ മാർച്ച് മാസത്തെ ശമ്പളം എന്നിവ ബാധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-27 പ്രകാരം സാമ്പത്തിക വ കാലയളവിലെ ചെലവുകൾ എല്ലാം വർഷാവസാനവും Payable ആയി ക്രമീകരിക്കേണ്ടതായിരു ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ ഭരണസമിതി അംഗങ്ങളുടെ മാർച്ച് 2025 മാസത്തെ സിറ്റിംഗ് ഹോണറേറിയം, താൽക്കാലിക കരാർ ജീവനക്കാരുടെ മാർച്ച് മാസത്തെ ശമ്പളം എന്നിവ 2024-25 Payable ആയി ക്രമീകരിച്ച് ബാധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-8 ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നി

ധനകാര്യ കമ്മീഷൻ ഗ്രാന്റ്- B-17 ഷെഡ്യൂൾ പ്രകാരമുള്ള തുക (₹10332476) B-4 ഷെഡ്യൂൾ പ്രകാരമു തുകയുമായി (₹10287376) പൊരുത്തപ്പെടുന്നില്ല.

## 1-1-9 പഞ്ചായത്തിന് നിലവിൽ ഇല്ലാത്ത അക്കൗണ്ടിൽ നീക്കിയിരിപ്പ് രേഖപ്പെടുത്തി

വാർഷിക ധനകാര്യ പത്രികയിലെ ബി -17, ആർ പി 40-ബി ഷെഡ്യൂളുകൾ പ്രകാരം Nationalized B Account Of Revenue Fund എന്ന ശീർഷകത്തിൽ -300000 രൂപയും Co-Operative Bank Account Of C Revenue Fund ശീർഷകത്തിൽ 300000 രൂപയും നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്ര അക്കൗണ്ടുകൾ പഞ്ചായത്തിൽ നിലവിൽ ഇല്ലാത്തവയാണ്. ആയത് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-10 അഡ്വാൻസ് തുക യഥാസമയം ക്രമീകരിക്കുന്നില്ല

ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂൾ പ്രകാരം ₹7346500 ക്രമീകരിക്കാൻ ബാക്കിയുള്ളതാ രേഖപ്പെടുത്തിയിട്ടുണ്ട്. ,Advance To Gramalakshmi Mudralayam (146457) , Advance To Commu Development Society (376636) എന്നീ ശീർഷകങ്ങളിൽ ക്രമീകരിക്കാൻ ബാക്കിയുള്ളതാ രേഖപ്പെടുത്തിയിട്ടുള്ള തുകകൾ മുൻ വർഷങ്ങളിൽ അനുവദിച്ചവയാണ്. Advance To Implementing Offic എന്ന ശീർഷകത്തിൽ ക്രമീകരിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുള്ള ₹784739 മുൻ വർഷങ്ങള (2022-23മുതൽ) അനുവദിച്ച തുകകൾ ഉൾപ്പെടെയുള്ള തുകകളാണ് . അഡ്വാൻസ് തുക സമയബന്ധിതമാ ക്രമീകരിച്ചിട്ടില്ല.

## 1-1-11 നികുതി - നികുതിയേതര വരവുകളുടെ ഡിമാന്റ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

ലൈസൻസ് ഫീ, പാരാമെഡിക്കൽ രജിസ്ട്രേഷൻ, തൊഴിൽ നികുതി എംപ്ലോയീസ്, ട്രേഡേഴ്സ്എന്നീ വ ഇനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ ഡിമാന്റ്, കലക്ഷൻ ബാലൻസ് തുകകളുടെ സംഗ്രഹമെഴ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കിൽ ഉൾപ്പെട്ട വരവിന്റെ കൃത്യത പരിശോധിക്ക കഴിഞ്ഞിട്ടില്ല.

## 1-1-12 ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള ബാങ്ക് ബുക്ക് നീക്കിയിരിപ്പും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

കോളയാട് സർവ്വീസ് സഹകരണ ബാങ്കിന്റെ 216 നമ്പറിലുള്ള അക്കൗണ്ടിൽ 31-03-2025 ലെ നീക്കിയിര റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 5757907 രൂപയും വാർഷികധനകാര്യ പത്രിക പ്രകാരം 5751821 രൂപയുമാണ്. അപാകം പരിഹരിക്കേണ്ടതാണ്

## 1-1-13 ഹഡ്കോ ലോൺ -ലോൺ രജിസ്റ്ററിൽ കാണിച്ച തുകയും വാർഷിക ധനകാര്യ പത്രികയിലെ തുകയും പൊരുത്തപ്പെടുന്നില്ല

2024-25 വർഷ HUDCO Loan ഇനത്തിലെ തിരിച്ചടക്കാൻ ബാക്കിയായി ലോ രജിസ്റ്ററിൽ(19706389+7289 പലിശ) കാണിച്ച തുകയും വാർഷിക ധനകാര്യ പത്രികയിൽ ബ ഷെഡ്യൂളിൽ വായ്പാബാധ്യതയായി കാണിച്ച തുകയും (19433678) പൊരുത്തപ്പെടുന്നില്ല. വായ്പാ തുകയ നിന്നും ചെലവഴിച്ച 280000 രൂപ ലോൺ തിരിച്ചടവായി കാണിച്ചതാണ് വ്യത്യാസം വന്നതിന്റെ കാരണ അപാകം പരിഹരിക്കേണ്ടതാണ്.

## 1-2 ബജറ്റ്

കോളയാട് ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു.

| വർഷം | 2024-25 | |
|---|---|---|
| | ബജറ്റ് | പുതുക്കിയ ബജറ്റ് |
| ഭരണസമിതി തീരുമാനം നമ്പർ / തീയ്യതി | 37/24<br>12-02-2024 | 1/25<br>24-02-2025 |
| മുന്നിരിപ്പ് | 6797924 | 5940833 |
| വരവ് | 231628000 | 316610225 |
| ആകെ | 238425924 | 322551058 |
| ചെലവ് | 229156300 | 316867132 |
| നീക്കിയിരിപ്പ് | 9269624 | 5683926 |

## 1-3 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹3,05,17,021 |
| വരവ് | ₹6,59,63,091 |
| ആകെ | ₹9,64,80,112 |
| ചെലവ് | ₹5,46,05,646 |
| നീക്കിയിരിപ്പ് | 4,18,74,466 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | ₹8452 |
| തടസ്സപ്പെട്ടത്തിയ തുക | ₹29,11,640 |

റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിൽ വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ദേശീയ ഗ്രാമീണ തൊഴില്ല പദ്ധതി ഗ്രാന്റ്, സാമൂഹ്യ സുരക്ഷാ പെൻഷൻ തുടങ്ങിയ പ്രധാന വരവിനങ്ങൾ ഉൾപ്പെടുന്നില്ല. അതുകൊ: തന്നെ മേൽ കണക്കുകൾ പൂർണ്ണമല്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ലാപ്സ്/ നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 22170000 | 22170000 | 22149889 | 20111 |
| വികസന ഫണ്ട് എസ്.സി.പി | 0 | 631000 | 631000 | 568326 | 62674 |
| വികസന ഫണ്ട് ടി എസ് പി | 0 | 9742000 | 9742000 | 9742000 | 0 |
| മെയിന്റനൻസ് റോഡ് | 0 | 13272000 | 1327000 | 12883636 | 388364 |
| മെയിന്റനൻസ് നോൺ റോഡ് | 0 | 8266000 | 8266000 | 7740808 | 525192 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 5090580 | 7984000 | 13074580 | 4626537 | 8448043 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(Basic) | 2312051 | 4082164 | 6394215 | 4554877 | 1839338 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോമെൻസ് ഗ്രാന്റ് | 0 | 425889 | 425889 | 334912 | 90977 |
| നാഷണൽ ഹെൽത്ത് മിഷൻ | 0 | 120000 | 120000 | 120000 | 0 |
| അംഗൻവാടി പോഷകാഹാരം | 3136573 | 2217030 | 5353603 | 1269392 | 4084211 |
| എം ജി എൻ ആർ ഇ ജി എസ് | 0 | 50145759 | 0 | 50145759 | 0 |
| TSC Fund | 213800 | 0 | 213800 | 0 | 213800 |
| BRG ഫണ്ട് | 62929 | 0 | 62929 | 0 | 62929 |
| സാക്ഷരത | 2189 | 63 | 2252 | 0 | 2252 |
| ശുചിത്വ മിഷൻ ഫണ്ട് | 866 | 5000 | 5866 | 5000 | 866 |
| ഖരമാലിന്യ നിർമാജ്ജന ഫണ്ട് | 54435 | 0 | 54435 | 0 | 54435 |

| | | | | | |
|---|---|---|---|---|---|
| ലൈഫ് മിഷൻ സ്റ്റേറ്റ് ഷെയർ | 1350450 | 11600000 | 12950450 | 6094594 | 6855856 |
| പ്രത്യേക ഉദ്ദേശ ഗ്രാന്റ് | 193768 | 0 | 193768 | 0 | 193768 |
| കേരളോത്സവം | 20189 | 0 | 20189 | 0 | 20189 |
| നിർമ്മൽ പുരസ്കാർ | 940341 | 97171 | 1037512 | 785963 | 251549 |
| നബാർഡ് | 287667 | 0 | 287667 | 0 | 287667 |
| മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ട് | 378061 | 0 | 378061 | 0 | 378061 |
| ഹെൽത്ത് ഗ്രാന്റ് (വെൽനസ്സ് സെന്റർ) | 10029 | 544645 | 554674 | 4437 | 550237 |
| ഹെൽത്ത് ഗ്രാന്റ് (ഡയഗ്നോസ്റ്റിക് സെന്റർ) | 493581 | 346515 | 840096 | 265944 | 574152 |
| ഗ്രാന്റ്സ്, ഫണ്ട്സ്& കോൺട്രിബ്യൂഷൻസ് ഫോർ സ്പെസിഫിക് പർപസസ് (അദർ പർപസ്) | 830963 | 1148064 | 1979027 | 550149 | 1428878 |
| ഗ്രാന്റ്സ്, ഫണ്ട്സ് & കോൺട്രിബ്യൂഷൻസ് ഫോർ സ്പെസിഫിക് പർപസസ്-അദർ ഗവണ്മെന്റ് ഏജൻസീസ് | 1183846 | 177990 | 1361836 | 620805 | 741031 |
| ഗ്രാന്റ്സ്, ഫണ്ട്സ് & കോൺട്രിബ്യൂഷൻസ് ഫോർ സ്പെസിഫിക് പർപസസ് ക്യാപിറ്റൽ | 15510 | 0 | 15510 | 0 | 15510 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകര പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 256 | 197632555 | 198 | 92236382 | 62 | 58 | 78 | 30.05 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക (₹) | ചെലവഴിച്ച തുക (₹) | ചെല ശതമാ |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 56 | 32 | 26721405 | 14162779 | 53 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 10 | 9 | 4714625 | 4333016 | 91.9 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 102 | 83 | 41768817 | 26743761 | 64.0 |
| 4 | കൃഷി ഓഫീസർ | 10 | 9 | 2606241 | 2554241 | 98.1 |
| 5 | വി.ഇ.ഒ. (കോളയാട്) | 12 | 11 | 94534090 | 27047938 | 28.6 |
| 6 | വി.ഇ.ഒ. (വേക്കളം) | 14 | 9 | 7813082 | 2346977 | 30.0 |
| 7 | മെഡിക്കൽ ഓഫീസർ FHC | 15 | 12 | 4924503 | 3565059 | 72.3 |
| 8 | മെഡിക്കൽ ഓഫീസർGAD | 2 | 2 | 850000 | 850000 | 100 |
| 9 | വെറ്ററിനറി സർജൻ | 5 | 5 | 2218350 | 1280000 | 57.7 |
| 10 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 15 | 15 | 6391332 | 5603554 | 87.6 |
| 11 | ഹെഡ് മാസ്റ്റർ | 12 | 8 | 2626530 | 2223304 | 84.6 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 2123580 | 1421753 | 66.9 |
| 13 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 340000 | 104000 | 30.5 |
| | ആകെ | 256 | 168 | 197632555 | 92236382 | 46.6 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 714662 | 714662 | 714662 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (മെറ്റീരിയൽ കോസ്റ്റ് ഉൾപ്പെടെ) | 0 | 49435249 | 49435249 | 49435249 | 0 |
| ആകെ | 0 | 50149911 | 50149911 | 50149911 | 0 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2729800 | 171 |
| തൊഴിൽ രഹിത വേതനം | 0 | 0 |
| വിധവാ പെൻഷൻ | 13280000 | 900 |
| വാർദ്ധക്യകാല പെൻഷൻ | 27658500 | 1986 |
| വികലാംഗ പെൻഷൻ | 3769500 | 249 |
| അവിവാഹിത പെൻഷൻ | 1724800 | 114 |
| വിവാഹ ധനസഹായം | 0 | 0 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻ പരിശോധന 07.07.2025 ന് ഉച്ചക്ക് ശേഷം 2.00 PM മണിക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 933/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ പൊതുവെ തൃപ്തികരമാണെങ്ക് ഏതാനും ചില പോരായ്മകൾ പരിഹരിക്കപ്പെടേണ്ടതായിട്ടുണ്ട്. ഫയലുകളും അനുബന്ധ രേഖക റജിസ്റ്ററുകളും നല്ല രീതിയിൽ സൂക്ഷിക്കുന്നുണ്ട്. ജീവനക്കാർ പുതുതായി ഓഫീസിൽ ജോലിയ പ്രവേശിക്കുമ്പോഴും വിട്ടുപോകുമ്പോഴും അതാത് സമയങ്ങളിൽ തന്നെ ഓഫീസ് ഉത്തരവുകൾ മുഖേ ചുമതലകളും മറ്റ് നിർദ്ദേശങ്ങളും ഓഫീസ് ഓർഡർ മുഖേന നൽകി കാണുന്നില്ല. മിക്കവാറും എ മാസങ്ങളിലും ഓഫീസ് മീറ്റിംഗ് ചേർന്നിട്ടുണ്ട്. എന്നാൽ മുഖ്യമായും ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങളാ മീറ്റിംഗ് അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. നികുതി പിരിവ് അവലോകനവും ജീവനക്കാരുടെ ജേ പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തന പുരോഗതിയും അവലോക ചെയ്യപ്പെടുന്നില്ല. ജീവനക്കാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും നിർവചിച്ചുകൊണ്ടുള്ള സമഗ്ര ജോലി വിഭജന രേഖ തയ്യാറാക്കിയതായി കാണുന്നില്ല. 2024-25 കാലയളവിൽ ILGMS സോഫ്റ്റ് വെ വഴിയാണ് സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. ഫ്രണ്ട് ഓഫീസ് മുഖേന കാര്യക്ഷമമ നിലയിൽ പൊതുജനങ്ങൾക്ക് സേവനം നൽകുന്നുണ്ട്. വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകള ഒടുക്കിവരുന്നുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് നിർവഹണ ഉദ്യോഗസ്ഥരുടെ യോഗം കൃത്യമ ഇടവേളകളിൽ വിളിച്ചു ചേർത്ത് പ്രവർത്തന പുരോഗതി അവലോകനം ചെയ്തിട്ടുണ്ട്. എന്ന പ്രൊക്യൂർമെന്റ് കമ്മിറ്റി ഓഡിറ്റ് വർഷം ഒരു തവണ മാത്രമേ യോഗം ചേർന്നിട്ടുള്ളൂ.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രതിമാസ യോഗങ്ങളിൽ എല്ലായ്പ്പോഴും തനത് നികുതി പിര പുരോഗതി അവലോകനം ചെയ്യപ്പെടുന്നില്ല.പ്രതിമാസ വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുന്ന വൗച്ചറുകളും ബില്ലുകളും അംഗീകരിക്കലുമാണ് മിക്കവാറും എല്ലാ യോഗങ്ങളിലും നടന്നിട്ടുള്ളത്. ത വരുമാന വർദ്ധനവിന് ഉതകുന്ന രീതിയിലുള്ള നിർദ്ദേശങ്ങളോ മറ്റ് വരുമാന സ്രോതസ്സുകളെപ്പറ്റിയോ ഉ ചർച്ചകളോ ഉണ്ടായിട്ടില്ല. പ്രതിമാസ വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുന്നതിൽ ചില മാസങ്ങള വളരെയേറെ കാലതാമസം വന്നിട്ടുണ്ട്. ഉദാഹരണമായി 2024-25വർഷം ഏപ്രിൽ,മെയ്, ജ്ജ മാസങ്ങളിലെ വരവ് ചെലവ് കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നത് 30.07.2(

തീയ്യതിയിലാണ്. ഗ്രാമപഞ്ചായത്ത് ഓഫീസിലെ സ്റ്റോക്ക് റജിസ്റ്ററുകളുടെ പരിപാലനം തൃപ്തികര വാങ്ങിച്ച സാധനങ്ങളുടെ വിവരം ഏത് തീയ്യതിയിൽ ചേർക്കുന്നുവെന്നോ എവിടെ ചേർക്കുന്നുവെ എന്ന് വ്യക്തമല്ല.കൃത്യമായി ഇന്റക്സ്, ഇനം എന്നിവ ചേർത്ത് അവയ്ക്ക് പേജ് നമ്പറും നൽ പരിശോധിക്കുവാനുതകുംവിധം സ്റ്റോക്ക് റജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതായിട്ടുണ്ട്.പോരായ്മ പരിഹരിച്ച് പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കുറ്റമറ്റരീതിയിലാക്കുവ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 ഗ്രാമ സഭ /വർക്കിംഗ് ഗ്രൂപ്പ്

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3 പ്രകാരം കുറഞ്ഞപക്ഷം മൂന്നു മാസത്ത ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം ചേരേണ്ടതാണ്. ഓഡിറ്റ് കാലയളവിൽ 2024- 25 വർഷം ആകെയുള്ള വാർഡുകളിലും മൂന്ന് തവണ ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. ജൂലൈ,ആഗസ്റ്റ്,ഡിസംബർ മാസങ്ങളിലാ ഗ്രാമസഭകൾ ചേർന്നിട്ടുള്ളത്. ഗ്രാമസഭകളിൽ പങ്കെടുത്തവരുടെ പേർ വിവരം പൂർണ്ണമായി എഴുതാതെ നമ്പർ മാത്രം എഴുതി ഒഴിച്ചുവിടുന്ന പ്രവണത ഒഴിവാക്കേണ്ടതായുണ്ട്. ഏതാനും ഗ്രാമസഭ മിനുട്സും എഴുതി പൂർത്തിയാക്കാതെ റജിസ്റ്റർ പരിപാലിച്ചുവരുന്നതായും കാണുന്നു. നിയമാനുസൃത ഗ്രാമസഭകൾ പുറമെ ഡിസംബർ മാസത്തിൽ ഭിന്നശേഷി ഗ്രാമസഭ, പട്ടിക ജാതി ഗ്രാമസഭ, വയോജന ഗ്രാമസഭ, വന ഗ്രാമസഭ തുടങ്ങിയ പ്രത്യേക ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. എന്നാൽ പ്രത്യേക ഗ്രാമസഭകളുടെ മിനിട്സും പൂർണ്ണമല്ല. 2024-25 വർഷത്തെ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായുള്ള വികസന സെമിനാർ 10.01.20 തീയതിയിൽ നടന്നു. പഞ്ചായത്ത് ആസൂത്രണസമിതിയുടെ പ്രവർത്തനം തൃപ്തികരമല്ല. 2024 കാലയളവിൽ ആസൂത്രണസമിതി ഒരു തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. അതുപോലെ വർക്കി ഗ്രൂപ്പുകൾ ഒന്നോ രണ്ടോ തവണമാത്രമേ യോഗം ചേർന്നിട്ടുള്ളൂ. വർക്കിംഗ് ഗ്രൂപ്പ് മിനിട്സുകളിൽ യോ തീരുമാനങ്ങൾ വ്യക്തമായി എഴുതുന്നില്ല.യോഗത്തിൽ നടത്തിയ ചർച്ചകളെപറ്റിയും മറ്റു നിർദ്ദേശങ്ങ വിശദമായി എഴുതി ഉത്തരവാദപ്പെട്ടവർ ഒപ്പ് വച്ച് ക്ലോസ് ചെയ്യാതെയാണ് യോഗ മിനുട്ട്സ് സൂക്ഷിക്കുന്ന ഗ്രാമസഭ,വർക്കിംഗ് ഗ്രൂപ്പ് യോഗമിനിട്സുകളുടെ പരിപാലനം കുറ്റമറ്റ രീതിയിലാവേണ്ടതായുണ്ട്.

## 1-11 തൊഴിൽനികുതി ഈടാക്കുന്നതിലെ അപാകം

1994ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, സെക്ഷൻ 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ, ഏർപ്പെടുകയോ, പൊതുവാ സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നിക ഈടാക്കാവുന്നതാണ്.

1) തൊഴിൽനികുതി രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 20 25 രണ്ടാം അർദ്ധവർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | കോളയാട് സർവ്വീസ് സഹകരണ ബാങ്ക് |
| 2 | കുത്തുപറമ്പ് കോ ഓപ്പ് റൂറൽ ബാങ്ക് |

2)2024-25 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടു നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശം ലഭ്യമല്ല.

മേൽ അപാകം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.12/11.07.2025) നൽകിയതിന് മറുപടിയാ കോളയാട് സർവ്വീസ് സഹകരണ ബാങ്ക്, കുത്തുപറമ്പ് കോ ഓപ്പ് റൂറൽ ബാങ്ക് എന്നീ സ്ഥാപനങ്ങൾ തൊഴിൽനികുതി അടവാക്കുന്നതിനായി കത്ത് നൽകിയിട്ടുള്ളതായും, കോളയാട് ഗ്രാമപഞ്ചായത്തിൽ 20 25 സാമ്പത്തിക വർഷത്തിൽ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ മറ്റ് പഞ്ചായത്തുകള തൊഴിൽനികുതി ഒടുക്കിയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങൾ/ജീവനക്കാർ എന്നിവര നിന്നും 2024-25 സാമ്പത്തികവർഷം തൊഴിൽനികുതി ഈടാക്കിയതിന്റെ വിശദാം ലഭ്യമാക്കേണ്ടതാണ്.

## <u>1-12 തൊഴിൽനികുതി അടക്കുന്നതിലെ കാലതാമസം - വർദ്ധിപ്പിച്ച നിരക്കിൽ പിഴ ഈടാക്കിയില്ല</u>

1) സർക്കാരിന്റെ 28-03-2023 തീയതിയിലെ നമ്പർ 15 (2) ലെഗ്.എ2/2023/നിയമം വിജ്ഞാപനം പ്രക 01-04-2023 പ്രാബല്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് 209 ഇ വകുപ്പിന് വരുത്തിയ ഭേദഗതി പ്രക കേരള പഞ്ചായത്ത് രാജ് ആക്ടിലെയോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ ബൈലോകളിലെ വ്യവസ്ഥകൾക്ക് കീഴിൽ നിയമാനുസൃതമായ ഏതെങ്കിലും തുക അത് നൽകേണ്ടതായ തീയതിയ നൽകാത്ത പക്ഷം അത് നൽകേണ്ടതായ തീയതി മുതൽ പ്രതിമാസം രണ്ട് ശതമാനം നിരക്കിലുള്ള ( ശതമാനമായിരുന്നത് 01-04-2023 പ്രാബല്യത്തിൽ രണ്ട് ശതമാനമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്) ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.പ്രസ്തുത ഭേദഗതി പ്രകാരം 2023 ഏപ്രിൽ ഒന്ന് മുതൽ ര ശതമാനം നിരക്കിൽ പിഴ ഈടാക്കേണ്ടതുണ്ട്. ( ഒരു അർദ്ധവർഷത്തിൽ നൽകേണ്ടതായി തീർന്ന നൽകേണ്ടതുമായ ഏതെങ്കിലും തുക അതേ അർദ്ധവർഷത്തിൽ നൽകുന്ന പക്ഷം ഈടാക്കേണ്ടതില്ല).എന്നാൽ ഒന്നാം അർദ്ധവർഷത്തിലെ തൊഴിൽനികുതിയിനത്തിൽ നൽകേണ്ട തുക അർദ്ധവർഷം തന്നെ നൽകാതിരുന്നപ്പോൾ 2 ശതമാനം നിരക്കിൽ പിഴ ഈടാക്കുന്നതിന് പകരം ശതമാനം നിരക്കിൽ മാത്രമാണ് നികുതിദായകരിൽ നിന്നും ഗ്രാമപഞ്ചായത്ത് ഈടാക്കിയതെന്ന് തൊഴ നികുതി ഡിമാന്റ് രജിസ്റ്റർ ,ഐ എൽ ജി എം എസ് എന്നിവ പരിശോധിച്ചതിൽ നിന്ന് വ്യക്തമായിട്ടുണ്ട്.

2)തദ്ദേശ സ്വയംഭരണ (എൻ) വകുപ്പിന്റെ 24.08.2000 തീയ്യതിയിലെ 51457/ എൻ 1/ തഭവ നം സർക്കുലർ പ്രകാരം ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി പിഴ പലിശ നൽകേണ്ടിവരുന്ന തീയ്യ സെപ്തംബർ ഒന്നു മുതലാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കോളയാട് ഗ്രാമപഞ്ചായത്തിൽ ച സ്ഥാപനങ്ങളുടെ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി സെപ്തംബർ മാസത്തിന് ശേഷം അടച്ചപ്പേ നികുതിക്ക് പിഴ കണക്കാക്കിയത് ഒക്ടോബർ മാസം മുതലാണ്.

മേൽ അപാകങ്ങൾക്ക് / പിഴ ഇനത്തിലെ തുക ഈടാക്കാത്തത് സംബന്ധിച്ച് ഏതാനും ഉദാഹരണങ്ങ താഴെ പറയുന്നു.

| സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി/ രസീത് നമ്പർ | ഈടാക്കിയ പിഴ | ഈടാക്കേണ്ട പിഴ | പിഴയിനത്തിലെ കുറവ് |
|---|---|---|---|---|
| സെന്റ് കൊർണേലിയസ് | 33750 1240101831/ | 337 | 1350 | 1013 |

| | | | | |
|---|---|---|---|---|
| ഹൈ സ്കൂൾ, കോളയാട് | 19.10.2024 | | | |
| വിജയ ബാങ്ക് .നെടുംപുറംചാൽ | 5000 1240101796/ 17.10.2024 | - | 200 | 200 |
| സർക്കാർ ആടുവളർത്ത് കേന്ദ്രം, കൊമ്മേരി | 15750 1240101749/ 09.10.2024 | 158 | 630 | 472 |
| മാവേലി സ്റ്റോർ, കോളയാട് | 1250 1240101846/ 21.10.2024 | - | 50 | 50 |
| കള്ള് ഷാപ്പ്, കോളയാട് | 1800 1240104658/ 01.03.2025 | - | 252 | 252 |
| കള്ള് ഷാപ്പ്. നിടുംപൊയിൽ | 1800 1240104656/ 01.03.2025 | - | 252 | 252 |
| കള്ള് ഷാപ്പ് ,ആലച്ചേരി | 1800 1240104662/ 01.03.2025 | - | 252 | 252 |
| കള്ള് ഷാപ്പ്, വായന്നൂർ | 1800 1240104660/ 01.03.2025 | - | 252 | 252 |

മേൽ സർക്കാർ ഉത്തരവിൽ/വിജ്ഞാപനത്തിൽ നിഷ്കർഷിച്ച പ്രകാരം പിഴ ഈടാക്കാത്തത് സംബന്ധ 9/11.07.2025 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. മുകളിൽ സൂചിപ്പ സ്ഥാപനങ്ങൾക്ക് പുറമെ തൊഴിൽ നികുതി വൈകി അടവാക്കിയ മുഴവൻ നികുതിദായകരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 FTE&OS ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017-ലെ ജി.ഒ.(പി) 80/2017/എൽ.എസ്.ജി.ഡി. പ്രകാരം ഭേദഗ വരുത്തിയ 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സം പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങ ഉൽപ്പാദനം, സേവനം എന്നീ രണ്ടു മേഖലകളിലായി അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്ത

തരം തിരിച്ച് ഓരോന്നിനും ബാധകമായ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തി എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് രജിസ്റ്റർ, വാടക ഡിമാന്റ് രജിസ്റ്റർ, പാരാമെഡിക്കൽ രജിസ്ട്രേ രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുറികളിൽ 2024-25 സാമ്പത്ത വർഷം വിവിധ ആവശ്യങ്ങൾക്കായി വാടകയ്ക്ക് നൽകിയിട്ടുള്ള താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങ നിന്നും FTE&OS ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.
(വാടക രജിസ്റ്റർ, FTE&OS ലൈസൻസ് റജിസ്റ്റർ എന്നിവ പ്രകാരമുള്ള വിവരമാണ് ചുവടെ കൊടുത്തിട്ടുള്ള

| ക്രമ നമ്പർ | വ്യക്തിയുടെ പേര് | വാർഡ് നമ്പർ<br>കെട്ടിട നമ്പർ |
|---|---|---|
| 1 | അപർണ്ണ പുതുക്കടി | 8/426 |
| 2 | പി മഹീന്ദ്രൻ | 8/429 |
| 3 | മനീഷ് ബാലകൃഷ്ണൻ | 8/430 |
| 4 | എം രമേശൻ | 8/431 |
| 5 | പി ചന്ദ്രിക | 8/432 |
| 6 | പി ഹാരിസ് | 11/516 |

മേൽ അപാകം സംബന്ധിച്ച് 10/11.07.2025 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടിയാ ഫീൽഡ് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനട അറിയിക്കേണ്ടതാണ്.

2)മേൽ ചട്ടങ്ങൾ, ചട്ടം 3 ലെ ഒന്നാം പട്ടികയിലെ ക്രമ നമ്പർ 142 പ്രകാരം സ്വകാര്യ ആശുപത്രിക നടത്തിപ്പിനും ചട്ടം 143 പ്രകാരം സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ലാബുകൾ മുതലായവ നടത്തിപ്പിനും ലൈസൻസ് എടുക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തി പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ പ്രവർത്തിച്ചിട്ടുള്ള താഴെപ്പറയുന്ന സ്വകാര്യ ആശുപത്രി/സ്വക പാരാമെഡിക്കൽ സ്ഥാപനത്തിന് 2024-25 വർഷം എഫ്.ടി.ഇ. & ഒ.എസ് ലൈസൻസ് അനുവദിച്ചതി വിശദാംശം ലഭ്യമല്ല.

| കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര്/സ്ഥാപനം |
|---|---|
| 11/616 J | ഡോ.വിഷ്ണു പ്രിയ /<br>സാന്ത്വനം ഹോമിയോ ക്ലിനിക്ക് |

മേൽ അപാകം സംബന്ധിച്ച് 6/10.07.2025 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയതിന് മറു ലഭ്യമാക്കിയില്ല.

3)2024-25 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ, രജിസ്റ്റ ഉൾപ്പെട്ടിരിക്കുന്ന താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും FTE&OS ലൈസൻസ് ഫീ തൊഴിൽനികുതി എന്നിവ ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല..

| ക്രമ നമ്പർ | വ്യക്തിയുടെ പേര് / സ്ഥാപനം | വാർഡ് നമ്പർ<br>കെട്ടിട നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ശ്രീജിത്ത്.കെ /<br>ഫർണിച്ചർ ഷോപ്പ് | 14/240 A |
| 2 | പി.ഹാരിസ്<br>മെഡിക്കൽ സ്റ്റോർ | 11/516 |
| 3 | സജേഷ്.കെ /<br>ബേക്കറി കട | 12/93 B |
| 4 | റസിയ.ടി.പി /<br>എം.കെ.ലൈറ്റ് & സൗണ്ട് | 14/61 |
| 5 | പി.എം.രമേഷ്ബാബു / | 11/407 |
| 6 | സനിൽ.കെ | രേഖപ്പെടുത്തിയിട്ടില്ല |
| 7 | മുഹമ്മദ്.പി.വി | 6/175 |
| 8 | രഞ്ജിത്ത്.എം.വി | രേഖപ്പെടുത്തിയിട്ടില്ല |
| 9 | ജോണി ജോർജ്ജ് | രേഖപ്പെടുത്തിയിട്ടില്ല |
| 10 | മുനാസ് | 12/383 |
| 11 | രതീഷ് /<br>പഴം, പച്ചക്കറി വിൽപ്പന | 11/160 |
| 12 | രാജേഷ്.സി /<br>പലചരക്ക് കട | 8/168 |
| 13 | ലെനിൻ ജോസ്.കെ.എസ് /<br>കാർമ്മൽ എഞ്ചിനീയറിംഗ് വർക്സ് | 10/45 |
| 14 | ശകുന്തള.കെ /<br>ഫ്ലോർ മിൽ | 7/419 |
| 15 | നിജിഷ.വി /<br>ഗ്രാമ ലൈറ്റ് & സൗണ്ട് | 6/159 |
| 16 | ബാലകൃഷ്ണൻ.കെ /<br>പലചരക്ക് കട | 2/39 A,B |

മേൽ അപാകം സംബന്ധിച്ച് 11/11.07.2025 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയതിന് മറു ലഭ്യമാക്കിയില്ല. മേൽ പട്ടികകളിലെ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ്, തൊഴിൽനിക എന്നിവ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-14 സ്വകാര്യ ആശുപത്രി/സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ -രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തി അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വക പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല. കൂടാതെ ഇപ്രകാരം രജിസ്റ്റർ ചെയ്തിട്ട സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടു സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ 2023-24 വർഷം രജിസ്റ്റർ ചെയ്തിട്ടുള്ള/2024-25 സാമ്പത്തിക വർഷം FTE& ലൈസൻസ് അനുവദിച്ചിട്ടുള്ള താഴെപ്പറയുന്ന സ്വകാര്യ ആശുപത്രി/സ്വകാര്യ പാരാമെഡിക സ്ഥാപനങ്ങൾ 2024-25 വർഷത്തെ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിടനമ്പർ | ഉടമസ്ഥന്റെ പേര്/സ്ഥാപനം |
|---|---|---|
| 1 | 11/445 A | ഡോ അമൽ തോമസ് / എം ജി എം ഡെന്റൽ ക്ലിനിക്ക് |
| 2 | 11/125 | സിസ്റ്റർ സുപ്പീരിയർ/ സെന്റ് മാർട്ടിൻ ഡെന്റൽ ക്ലിനിക്ക് |
| 3 | 11/568,569 | ഡോ.നൂറുൽ ഹഖ് / കൃപ ക്ലിനിക്ക് |

മേൽ അപാകം സംബന്ധിച്ച് 6/10.07.2025 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയാ രജിസ്ട്രേഷൻ പുതുക്കുന്നതിന് അറിയിപ്പ് നൽകിയതായി അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരങ ലഭ്യമാക്കേണ്ടതാണ്.

## 1-15 വസ്തു നികുതിയിലെ കുടിശ്ശിക

കോളയാട് ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയി ബി-15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി ഇനത്തിൽ താഴെപ്പറയുന്ന തുക പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.

| ക്രമ നമ്പർ | വസ്തുനികുതി | തൻവർഷം (BT+LC) | കുടിശ്ശിക (BT+LC) |
|---|---|---|---|
| 1 | റസിഡൻഷ്യൽ ബിൽഡിംഗ്സ് | ₹7,830 | - |
| 2 | നോൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് | ₹ 20,970 | ₹ 22,731 |

വസ്തു നികുതി കുടിശ്ശിക സംബന്ധിച്ച് 21/15.07.2025 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറു ലഭ്യമാക്കിയില്ല. കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-16 അങ്കണവാടി പോഷകാഹാരം - അധികം തുക നൽകി - 8,452 രൂപ നിരാകരിക്കു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രൊജക്ട് നമ്പർ/പേര് | 8/25, അങ്കണവാടി പോഷകാഹാരം |
| | |

| | |
|---|---|
| അടങ്കൽ | ₹23,62,000<br>₹13,09,210 വികസന ഫണ്ട് പൊതുവിഭാഗം<br>₹2,00,000 ധനകാര്യ കമ്മീഷൻ അവാർഡ്<br>₹8,52,790 കേന്ദ്രാവിഷ്കൃത ഫണ്ട് |
| ചെലവ്, ബിൽ നമ്പർ/തീയതി | ₹23,00,511<br>₹12,81,119 വികസന ഫണ്ട് പൊതുവിഭാഗം<br>₹2,00,000 ധനകാര്യ കമ്മീഷൻ അവാർഡ്<br>₹8,19,392 കേന്ദ്രാവിഷ്കൃത ഫണ്ട് |

അങ്കണവാടി പോഷകാഹാരം എന്ന മേൽ പദ്ധതിയുടെ ഭാഗമായി ചെക്ക് നം. 49865/25.02.2025 (കേന്ദ്രാവിഷ്കൃത ഫണ്ട്) മുഖേന ശ്രീ.വിഷ്ണു.പി.ജെ എന്നവരുടെ അക്കൗണ്ടിലേക്ക് (A/C 68530100003508) ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ 19198 രൂപ നൽകിയിട്ടുണ്ട്. മാവേലി സ്റ്റോറ നിന്നും 1302136/24133 Dtd 17.03.2025 പ്രകാരം വാങ്ങിയിട്ടുള്ള 500 Kg അരി, I/1302136/006/24 07.03.2025 പ്രകാരം വാങ്ങിയിട്ടുള്ള 1291 Kg WBNP ഗോതമ്പ് എന്നിവയുടെ ട്രാൻസ്പോർട്ടേഷ ചാർജ്ജിനത്തിൽ 10,746 (1791 X ₹ 6) രൂപ (ഭരണസമിതി തീരുമാനം 5/200/24(5) തീയതി 24.06 പ്രകാരം 6 രൂപ/കി.ഗ്രാം) ആയിരുന്നു നൽകേണ്ടിയിരുന്നത്. എന്നാൽ 19198 രൂപ നൽകിയിട്ടുള്ളതിന 8,452 രൂപ അധികമായി നൽകിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (28/16.07.20 നല്കിയതിന് മറുപടിയായി, 4/2025 മാസത്തെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് അനുവദിക്കുമ്പോൾ അധി നൽകിയ 8,452 രൂപ ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ 8,452 രൂപയ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക തിരികെ ഈടാക്കുകയോ, തുടർന്ന ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ ക്രമീകരിക്കുകയോ ചെയ്ത് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## **1-17 വനിത ഫിറ്റ്നെസ്സ് സെന്റർ പദ്ധതി പൂർത്തീകരിച്ചില്ല - ചെലവ് തുക ₹4,18,985 തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രൊജക്ട് നമ്പർ/പേര് | 136/25, വനിത ഫിറ്റ്നെസ്സ് സെന്റർ |
| അടങ്കൽ | ₹ 4,77,060- വികസനഫണ്ട്-പൊതു വിഭാഗം |
| ചെലവ്/ ബിൽ നമ്പർ | ₹4,18,985 356/ 14-03-2025 |

വനിതകളുടെ ആരോഗ്യകരമായ ഉന്നമനം, ജീവിതശൈലി രോഗനിയന്ത്രണം എന്നിവ സാധ്യമാക്കുന്നത പഞ്ചായത്ത് കെട്ടിടത്തിൽ വനിത ഫിറ്റ്നെസ്സ് സെന്റർ സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയതാണ് ഉ പദ്ധതി. ഫിറ്റ്നെസ്സ് സെന്ററുകളുടെ രജിസ്റ്റർ, ഉപകരണങ്ങൾ എന്നിവയുടെ സൂക്ഷിപ്പ് ചുമതല കമ്മ്യൂണ വുമൺ ഫെസിലിറ്റേറ്റർ, ജി ആർ സി ക്ക് ആണെന്നും, ഭരണസമിതി തീരുമാന പ്രകാരം കുടുംബശ്രീ മുഖേ ഒരു ട്രയിനറെ നിയമിക്കുന്നതായും പദ്ധതിയിൽ പ്രതിപാദിച്ചിട്ടുണ്ട്. വനിത ഫിറ്റ്നസ്സ് സെ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ മെഷീനറികൾ വാങ്ങുന്നതിനായാണ് 2024-25 വർഷം ₹4,18,9 ചെലവഴിച്ചിട്ടുള്ളത്. ഫിറ്റ്നെസ് സെന്റർ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ചും, പദ്ധതിയ നിർദേശിച്ചത് പ്രകാരം തുടർനടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ സംബന്ധിച്ചും ഓഡ എൻക്വയറി 23/16.07.2025 നൽകിയതിന് മറുപടിയായി, ഫിറ്റ്നെസ്സ് സെന്ററി

തുടർപ്രവർത്തനങ്ങൾക്കായി ഈ വർഷം പദ്ധതി രൂപീകരിച്ചിട്ടുള്ളതായും, 7/2025 ന് ഉദ്ഘാടനം ചെയ്യ തീരുമാനിച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച് ഫിറ്റ്നസ്സ് സെന്റർ പൂർണ്ണമാ പ്രവർത്തനസജ്ജമാക്കേണ്ടതാണ്. വാങ്ങിയിട്ടുള്ള ഉപകരണങ്ങളുടെ സൂക്ഷിപ്പ് ചുമതല സംബന്ധ രേഖകൾ ലഭ്യമാക്കാത്തതിനാലും പദ്ധതി പൂർത്തിയായിട്ടില്ലാത്തതിനാലും ചെലവ് തുക ₹4,18,9 തടസ്സപ്പെടുത്തുന്നു.

## <u>1-18 കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് വിഹിതം കൈമാറൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- ചെലവ് തുക ₹49,032 തടസ്സപ്പെടുത്തുന്നു.</u>

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രൊജക്ട് നമ്പർ/പേര് | 162/25, കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് വിഹിതം കൈമാറൽ |
| അടങ്കൽ | ₹50,000 – വികസനഫണ്ട് പൊതു വിഭാഗം |
| ചെലവ്/ ബിൽ നമ്പർ | ₹49,032 (369/ 16-03-2025) |

കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് വിഹിതം കൈമാറൽ എന്ന പ്രോജക്ട് പ്രകാരം 49,032 രൂപ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് (A No.3301005800000015) കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം, കുട്ടി ആനുകൂല്യം ലഭ്യമായിട്ടുണ്ട് എന്ന് ഉറപ്പുവരുത്തിയതിന്റെ രേഖകൾ എന്നിവ പരിശോധന ലഭ്യമാക്കിയിട്ടില്ല. മേൽ രേഖകൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (22/16.07.20 നൽകിയതിന്, ഇംപ്ലാന്റ് മെയിന്റനൻസ് നടത്തുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം അനുവദ തരുന്നതാണെന്ന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി അറിയിച്ചിട്ടുള്ളതായി മറുപടി നൽകിയിട്ടുണ്ട്. വിനിയോ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹49,032 തടസ്സപ്പെടുത്തുന്നു.

## <u>1-19 എ ബി സി പദ്ധതി- ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല. ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.</u>

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 54/25, എ ബി സി പദ്ധതി |
| അടങ്കൽ | ₹100000 തനത് ഫണ്ട് |
| ചെലവ്, ബിൽ നമ്പർ, തീയതി | ₹100000, 5117407201240076, 15-03-2025 |

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ 2065/2022 തസ്വഭവ നം ഉത്തരവ് പ്രകാരം ഗ്രാമ, ബ്ലോക്ക് , ജില്ല പഞ്ചായത്തുകളുടേയും നഗരഭരണ സ്ഥാപനങ്ങളുടേയും സംയു പ്രൊജക്ടായാണ് എ.ബി.സി. പദ്ധതി നടപ്പിലാക്കേണ്ടതെന്നും മുഖ്യനിർവ്വഹണ സ്ഥാപ ജില്ലാപഞ്ചായത്തായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ₹1,00,000 ഗ്രാമപഞ്ചായ വിഹിതമായി കണ്ണൂർ ജില്ലാ പഞ്ചായത്തിന് (അക്കൗണ്ട് നം. 77901400000958) നൽകിയിട്ടുണ്ട്. പ്രസ

തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായിഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽക ഓഡിറ്റ് എൻക്വയറിക്കുള്ള (എൻക്വയറി നമ്പർ-14/14-07-2025) മറുപടിയിൽ വിനിയോഗ സാക്ഷ്യ പ ലഭ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയ വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹1,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 ഡെപ്പോസിറ്റ് പ്രവൃത്തികൾ - അപാകങ്ങൾ- 20,11,991 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവഹണഉദ്യോഗസ്ഥൻ -- സെക്രട്ടറി

സെക്രട്ടറി 2024-25 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളിൽ തുക കൈപ്പറ്റ സ്ഥാപനം വിനിയോഗവിവരം, പൂർത്തീകരണസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദ വിവരങ്ങ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | പ്രോജക്ട് പേര് | അടങ്കൽ, ഫണ്ട് | ചെലവ് | ബിൽ നം / ചെക്ക് നം, തീയതി | നിർവഹണ ഏജൻസി എസ്റ്റിമേറ്റ് നം, ത |
|---|---|---|---|---|---|
| 141 | പള്ളിപ്പാലം - പപ്പൻ പീടിക റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ | 150000 ധനകാര്യകമ്മീഷൻ ഗ്രാന്റ്- ബേസിക് | 100000 ധനകാര്യകമ്മീഷൻ ഗ്രാന്റ്- ബേസിക് | 5117407201240062 /22-02-2025 - 100000 | അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കോളയാട് DB No. 110/E KL/Street Light/2024-25 21-02-2025 1349991 |
| 142 | മച്ചിക്കണ്ടി - ചോല കോളയാട് റോഡിന് സ്ട്രീറ്റ് ലൈൻ വലിക്കൽ | 200000 ധനകാര്യകമ്മീഷൻ ഗ്രാന്റ്- ബേസിക് | 200000 ധനകാര്യകമ്മീഷൻ ഗ്രാന്റ്- ബേസിക് | 5117407201240063 /22-02-2025 (200000) | അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കോളയാട് DB N 110/ES-KL/Street Light/2024-25 21-02-2025 1349991 |
| 149 | ആലച്ചേരി സ്കൂൾ - പാറാടി | 250000 ധനകാര്യകമ്മീഷൻ ഗ്രാന്റ്- ബേസിക് | 249991 ധനകാര്യകമ്മീഷൻ ഗ്രാന്റ്- ബേസിക് | 5117407201240064 /22-02-2025 (249991) | അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ |

| | | | | | |
|---|---|---|---|---|---|
| | തെക്കയിൽ മുക്ക് മൂല റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ | | | | സെക്ഷൻ, കോളയാട് DB N 110/ES-KL/Street Light/2024-25 21-02-2025 1349DB No. 110/E KL/Street Light/2024-25 21-02-2025 1349991 |
| 150 | തെറ്റുമ്മൽ - -തറപ്പിക്കണ്ടം കോളനി റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ | 200000 വികസനഫണ്ട് ടി എസ് പി | 200000 വികസനഫണ്ട് ടി എസ് പി | 242205520097 01457410/07-03-2025 (200000) | അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കോളയാട് DB N 110/ES-KL/Street Light/2024-25 21-02-2025 1349991 |
| 151 | ചെക്യേരി കോളനി റോഡ് സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 300000 വികസനഫണ്ട് ടി എസ് പി | 300000 വികസനഫണ്ട് ടി എസ് പി | 2422055200 9701457425/07-03-2025 | അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കോളയാട് DB N 110/ES-KL/Street Light/2024-25 21-02-2025 1349991 |
| 152 | തെറ്റുമ്മൽ മൂപ്പൻ കൊളപ്പ കോളനി റോഡിന് സ്ട്രീറ്റ് ലൈൻ വലിക്കൽ | 200000 വികസനഫണ്ട് ടി എസ് പി | 200000 വികസനഫണ്ട് ടി എസ് പി | 24220552009701 457494/07-03-2025 | അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കോളയാട് DB N 110/ES-KL/Street Light/2024-25 21-02-2025 |

| | | | | | |
|---|---|---|---|---|---|
| | | | | | 1349991 |
| 168 | എടയാർ – പുഴക്കര റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ | 100000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ബേസിക് | 100000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ബേസിക് | 51174072012 40068/22-02-2025 (200000) | അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കോളയാട് DB N 110/ES-KL/Street Light/2024-25 21-02-2025<br>1349991 |
| 305 | വായന്നൂർ – ഞാലിൽ മണ്ഡപം റോഡ് സ്ട്രീറ്റ്ലൈൻ വലിക്കൽ | 300000 വികസനഫണ്ട് ജനറൽ | 300000 വികസനഫണ്ട് ജനറൽ | 24220552009701 553927/15-03-2025<br>300000 | അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കോളയാട്DB N 123/ES-KL/Street Light/2024-25 15-03-2025<br>300000 |
| 258 | അങ്കണവാടികൾക്ക് കുഴൽക്കിണർ നിർമ്മാണം തുക ഡെപ്പോസിറ്റ് ചെയ്യൽ | 100000 വികസനഫണ്ട് ജനറൽ<br>300000 ധനകാര്യകമ്മീഷൻ ഗ്രാന്റ്-ടൈഡ്<br>...................................<br>400000 | 95000 വികസനഫണ്ട് ജനറൽ<br>267000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്<br>...............................<br>362000 | 24220552009701 457569/07-03-2025 (95000) | ജില്ല ഓഫീസ ഭൂജല വകുപ്പ് കണ്ണ GW/KNR/229/20 DT.01-12-2023 95000<br>GW/KNR/229/20 DT.28-12-2023 267000 |

1. സർക്കാർ ഉത്തരവ് (കൈ)നം. 84/2022/തസ്വഭവ തീയതി 19/04/22 ഖണ്ഡിക നമ്പർ 12.2(ഡി) പ്രകാരം കേരള ജല അതോറിറ്റി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഭൂജല വകുപ്പ് എ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം ത തയ്യാറാക്കി സാങ്കേതിക അനുമതി നൽകിയതിന് ശേഷം തദ്ദേശ ഭരണ സ്ഥാപനത്ത നൽകേണ്ടതാണെന്നും എന്നാൽ തദ്ദേശഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാ ഏർപ്പെട്ടതിന് ശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പ്രൊജക്ടുകളിൽ ഒന്നും തന്നെ കെ. എസ്. ഇ. ബി, ഭൂജല വകുപ്പ് എന്നീ വിഭാഗങ്ങളുമായി നിർവ്വഹ ഉദ്യോഗസ്ഥനായ സെക്രട്ടറി കരാറിൽ ഏർപ്പെട്ടിട്ടില്ല.

2.സർക്കാർ ഉത്തരവ് (കൈ)38/23/Fin തീയതി 9.3.23 പ്രകാരം വിവിധ ഏജൻസികളിൽ ഡെപ്പോ

വർക്കിനായി പ്രാദേശികസർക്കാരുകൾ നിക്ഷേപിച്ചിട്ടുള്ള തുകകൾ അതാത് വർഷം തങ
ചെലവഴിക്കാത്ത പക്ഷം സംസ്ഥാന സഞ്ചിത നിധിയിൽ തിരിച്ചടക്കേണ്ടതാണ് എന്നും ഇല്ലെങ്
ചെലവഴിക്കാത്ത തുക തൊട്ടടുത്ത സാമ്പത്തികവർഷം സർക്കാർ അനുവദിക്കുന്ന ഫണ്ടിൽ നിന്നും കു
വരുത്തുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ (13/14-07-2025 ) ന് സെക്രട്ടറി ഓഡിറ്റ് സമയ
മറുപടി ലഭ്യമാക്കിയതു പ്രകാരം കെ. എസ്. ഇ. ബി, ഭൂജല വകുപ്പ് എന്നീ വിഭാഗങ്ങളുമായി നിർവ്വഹ
ഉദ്യോഗസ്ഥനായ സെക്രട്ടറി കരാറിൽ ഏർപ്പെടുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഡെപ്പോസ
പ്രവൃത്തികളിൽ തുക കൈപ്പറ്റിയ സ്ഥാപനം വിനിയോഗവിവരം, പൂർത്തീകരണസാക്ഷ്യപത്രം എന്ന
ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വിനിയോഗവിവരം, പൂർത്തീകരണസാക്ഷ്യപത്രം എന്നിവയ
അഭാവത്തിൽ 20,11,991 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗവിവ
പൂർത്തീകരണസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

## 1-21 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ പദ്ധതി - വാങ്ങിച്ച ഫർണിച്ചറുകൾ മുഴുവനായും വിതരണം ചെയ്തില്ല- ₹45450 തടസപ്പെടുത്തുന്നു.

കോളയാട് ഗ്രാമ പഞ്ചായത്ത് 2024-25 വർഷം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ പദ്ധ
നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവ. യു പി സ്കൂൾ, പാലത്തുവയൽ |
| പ്രോജക്ട് നമ്പർ, പേര് | 138/25 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ |
| അടങ്കൽ | ₹300000 (വികസന ഫണ്ട്, ടി എസ് പി ) |
| ചെലവ് | ₹297926 (വികസന ഫണ്ട്, ടി എസ് പി ) |
| ബിൽ നമ്പർ, തീയതി | BRN: 2422055201770123076 തീയതി 27-01-2025 (₹297926) |

പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 1961 ലെ ആദായ നികുതി നിയമത്തിലെ 194 സി വകുപ്പ് പ്രകാരം കുറവ് ചെയ്യേണ്ട 2% തുക
ഈടാക്കാതെയാണ് സ്ഥാപനത്തിന് തുക കൈമാറിയത്. ആദായ നികുതി TDS 2 % നിരക്ക
ഈടാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരത്തിൽ തുക അനുവദിക്കുമ്പോൾ 1961 ലെ ആദായ നിക
നിയമത്തിലെ 194 സി വകുപ്പ് പ്രകാരം കുറവ് ചെയ്യേണ്ട 2% തുക TDS ഇനത്തിൽ കുറവ് വരുത്തേണ്ടതാണ

2. കോളയാട് ഗ്രാമപഞ്ചായത്തിന്റെ 2024-25 വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രൊജക്ട് നമ്പർ 138,
പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ എന്ന പ്രൊജക്ട് കോളയാട് ഗ്രാമപഞ്ചായത്തിലെ പൊ
വിദ്യാലയങ്ങളിൽ അധ്യയനം നടത്തുന്ന ഒന്നാം തരത്തിലെ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണി
വിതരണം ചെയ്യുന്നതിനാണ് തയ്യാറാക്കിയത്. പ്രസ്തുത പ്രൊജക്ട് പ്രകാരം 59 വിദ്യാർത്ഥികളുടെ ല

